**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം- ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ മുൻ ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർമാരായിരുന്ന ശ്രീ.സി.വി.വിജയൻ, ശ്രീമതി.ടീസാ ജോസ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 2556/2015/തസ്വഭവ. തിരുവനന്തപുരം, തീയതി: 19.08.2015**

---

പരാമർശം:- 1. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 04.06.2014ലെ E5(SC 13/14/KTM) 8354/2014 നമ്പർ കത്ത്.

2. ശ്രീ.സി.വി.വിജയൻ, ശ്രീമതി.ടീസാ ജോസ് എന്നിവർക്കെതിരെയുള്ള 25.09.2014ലെ 52982/ഇആർബി3/2014/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. ശ്രീ.സി.വി.വിജയൻ, ശ്രീമതി.ടീസാ ജോസ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ.

4. 21.05.2015 ലെ ഗ്രാമവികസന കമ്മീഷണറുടെ 20569/എസ്റ്റാഎ2/14/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ ജനകീയാസൂത്രണം 2013-14 പ്രോജക്ട് നമ്പർ 17/13-14 പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയതിലെ അപാകത സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറൊ അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (1)ലെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം, ഏറ്റുമാനൂർ ബ്ലോക്കിലെ മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരായ ശ്രീ.സി.വി.വിജയൻ, ശ്രീമതി.ടീസാ ജോസ് എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും അതിന്മേൽ പ്രസ്തുത ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീ.സി.വി.വിജയൻ, മേൽ പ്രോജക്ട് നടപ്പാക്കുന്ന സമയത്ത് ടെണ്ടർ വിളിക്കുകയും അതനുസരിച്ച് ലഭിച്ചിരുന്ന ക്വട്ടേഷൻ 27.08.2013ന് ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സ,മർപ്പിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ തുകയുടെ ക്വട്ടേഷൻ സമർപ്പിച്ച M/s.നവഭാരത് ഇലക്ട്രിക്കൽ എന്ന സ്ഥാപനത്തിന് എഗ്രിമെന്റ് വയ്ക്കുവാൻ നിർ ദ്ദേശം നൽകികൊണ്ടുള്ള കത്ത് അയയ്ക്കുക എന്ന പ്രവർത്തി മാത്രമേ ചെയ്തിട്ടുള്ളുവെന്നും, അതിനു ശേഷം ടിയാൻ 22.10.2013ന് ഏറ്റുമാനൂർ ബ്ലോക്കിൽ നിന്നും സെക്രട്ടറിയുടെ ചുമതല ഒഴിഞ്ഞിട്ടുണ്ടെന്നും, ടി പ്രോജക്ട് സംബന്ധിച്ച് പിന്നീട് ഉള്ള കാര്യങ്ങൾ ടിയാന് ശേഷം വന്ന സെക്രട്ടറിയുടെ ചുമതലയിലാണ് നടപ്പാക്കിയതെന്നും

മേൽപ്പറഞ്ഞ പ്രോജക്ടിന്റെ നടപ്പാക്കൽ ചുമതലയിൽ കാര്യമായ പങ്ക് വഹിക്കാതിരുന്ന ടിയാന്റെ പേരിലുള്ള ആരോപണങ്ങൾ ശരിയല്ലെന്നും, ടിയാനെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ തന്റെ പ്രതിവാദപത്രികയിൽ ആവശ്യപ്പെട്ടിരുന്നു.

ശ്രീമതി.ഭീസാ ജോസിന്റെ പ്രതിവാദപത്രികയിൽ, ടിയാൾ ഏറ്റുമാനൂർ പഞ്ചായത്ത് സെക്രട്ടറിയായി ചാർജ്ജെടുക്കുന്ന സമയം പ്രസ്തുത ഓഫീസിൽ ജീവനക്കാരുടെ കൈവശമുള്ള രൂപയുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതിനുള്ള രജിസ്റ്ററുകൾ ഉണ്ടായിരുന്നില്ലായെന്നും, 18.02.2014-ലെ 6-ാം നമ്പർ ഉത്തരവ് പ്രകാരം ഈ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സാമ്പത്തിക വർഷാവസാനമായതിനാൽ ഓഫീസിലെ തിരക്ക് കാരണം പൂർണ്ണമായ ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കുന്നതിന് കഴിഞ്ഞില്ലായെന്നും, 19.03.2014 രാവിലെ ടിയാളുടെ പിതാവ് മരണമടഞ്ഞതിനാൽ അന്നേ ദിവസം വിജിലൻസ് ഉദ്യോഗസ്ഥർ ഓഫീസിൽ പരിശോധന നടത്തുമ്പോൾ ടിയാൾ ഹാജരായിരുന്നില്ലായെന്നും, കൂടാതെ മരണ വാർത്ത അറിഞ്ഞതിന്റെ ആഘാതത്തിലാണ് മറ്റ് ജീവനക്കാർക്ക് അന്നത്തെ ഓഫീസ് കാര്യങ്ങളിൽ അശ്രദ്ധ ഉണ്ടാകുവാൻ ഇടയായതെന്നും തുടർന്ന് 19.03.2014 മുതൽ 24.03.2014 വരെ ടിയാൾ അവധിയിലായിരുന്നുവെന്നും. നിലവിൽ ഈ രജിസ്റ്റർ ഓഫീസിൽ കൃത്യമായി പരിപാലിക്കുന്നുണ്ടെന്നും, 2014 ഏപ്രിൽ 22 ന് വിജിലൻസ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ഇക്കാര്യം ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും. ആയതിനാൽ 19.03.2014ലെ ടിയാളുടെ വ്യക്തിപരമായ പ്രത്യേക സാഹചര്യം കണക്കിലെടുത്തും, ഒരു രജിസ്റ്റർ പുതുതായി നടപ്പിലാക്കി വന്നപ്പോൾ സംഭവിച്ച ന്യൂനത മാപ്പാക്കി കൊണ്ടും ടിയാളെ കുറ്റവിമുക്തയാക്കണമെന്നും അപേക്ഷിച്ചിരുന്നു.

ടി ഉദ്യോഗസ്ഥരുടെ പ്രതിവാദപത്രികകളിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. 2013-14 വർഷത്തെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.ഒ.017/14-ാം നമ്പരായി "ബ്ലോക്ക് പഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കൽ" എന്ന പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുള്ളതും നിർവ്വഹണ ഉദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.സി.വി.വിജയൻ 07.08.2013-ൽ സ്റ്റോർ പർച്ചേസ് നിയമപ്രകാരം ടെണ്ടർ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുകയും, നവഭാരത ഇലക്ട്രിക്കൽസ് മുത്തോലി, ക്ലാസിക് ബാറ്ററി കടുത്തുരുത്തി എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ ലഭിക്കുകയും, അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത നവഭാരത് ഇലക്ട്രിക്കൽസിന്റെ ക്വട്ടേഷൻ 27.08.2013-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും. ആയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തന്റെ 30.08.2013-ലെ പി.279/13-ാം നമ്പർ കത്ത് പ്രകാരം ടെണ്ടർ പ്രകാരമുള്ള സാധനങ്ങൾ ആവശ്യമായ കരാർ വച്ച് സ്ഥാപനത്തിന്റെ

ഉത്തരവാദിത്വത്തിലും ചെലവിലും ഓഫീസിൽ എത്തിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടെന്നും, എന്നാൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ വാങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ള ഉപകരണങ്ങളുടെ വിപണി വിലയെ സംബന്ധിച്ചുള്ള ധാരണ ഉണ്ടാക്കിയെടുക്കുന്നതിലും ആയത് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തുന്നതിലും സെക്രട്ടറി പരാജയപ്പെട്ടതായും, എന്നാൽ ഈ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധനയും പ്രവർത്തന ക്ഷമതയും കൃത്യമായി വിലയിരുത്തിയിട്ടുള്ളതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഉപകരണങ്ങളുടെ സപ്ലൈ ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിരിക്കുന്നത് 30.08.2013ലെ പി.279/13-ാം നമ്പർ കത്ത് പ്രകാരം ശ്രീ.സി.വി.വിജയനാണെന്നും, ആയതിനു ശേഷം ഉപകരണങ്ങളുടെ ഗുണമേന്മയും പ്രവർത്തനക്ഷമതാ പരിശോധനയ്ക്കും ശേഷം പേയ്മെന്റ് നൽകുക മാത്രമാണ് തുടർന്ന് വന്ന സെക്രട്ടറി ചെയ്തിട്ടുള്ളതെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

ശ്രീമതി.ടീസാ ജോസ്, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി ചാർജ്ജ് എടുക്കുന്ന സമയത്ത് ടി ഓഫീസിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ലായെന്നും 18.12.2014-ലെ 6/14-ം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരമാണ് ടി ഓഫീസിലെ ക്യാഷ് രജിസ്റ്റർ ആരംഭിച്ചതെന്നും ഈ രജിസ്റ്റർ പരിശോധിച്ചതിൽ ടി ഓഫീസിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയ 19.03.2014-ൽ ഒരു ജീവനക്കാരും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലായെന്നും ടി ദിവസം ശ്രീമതി.ടീസാ ജോസിന്റെ അച്ചന് ആകസ്മികമായ അപകടമരണം ഉണ്ടാവുകയും ഓഫീസ് ജീവനക്കാർ മരണ വീട്ടിൽ പോവുകയും ചെയ്ത സാഹചര്യത്തിലാണ് ടി ദിവസം രേഖപ്പെടുത്തലുകൾ ഉണ്ടാകാതെ പോയതെന്നും, ആ ദിവസം ഒഴികെ പിന്നീട് ഉള്ള ദിവസങ്ങളിൽ 30.12.2014-ാം തീയതി വരെ ടി രജിസ്റ്റർ കൃത്യമായി പരിപാലിച്ചു വരുന്നുണ്ടെന്നും ആയതിനാൽ മുൻ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഇപ്പോൾ വാഴൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായ ശ്രീമതി.ടീസാ ജോസിനുണ്ടായ വീഴ്ച മനപൂർവ്വമല്ലെന്നും, ടി വിഷയം അനുഭാവപൂർവ്വം പരിഗണിച്ച് ടിയാളെ കുറ്റവിമുക്തയാക്കണമെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ.സി.വി.വിജയൻ, UPS, ബാറ്ററി തുടങ്ങിയവ വാങ്ങുന്നതിനുള്ള ക്വട്ടേഷനുകൾ സ്വീകരിച്ചിരിക്കുന്നത് MRP, മാർക്കറ്റ് വില എന്നിവയേക്കാൾ കൂടിയ തുകയ്ക്കുള്ളതാണ്. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ വാങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ള ഉപകരണങ്ങളുടെ വിപണി വിലയെ സംബന്ധിച്ചുള്ള അന്വേഷണം നടത്തുകയും ആയത് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നതിൽ വീഴ്ച പറ്റിയതായി കാണുന്നു., ഈസാഹചര്യത്തിൽ മേൽ പദ്ധതി നടപ്പാക്കിയപ്പോൾ M/s.നവഭാരത് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് അധികമായി നൽകിയ

43840/- രൂപ ശ്രീ.സി.വി.വിജയന്റെ ബാദ്ധ്യതയായി നിശ്ചയിച്ച കൊണ്ട് ടിയാനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി 'സെൻഷ്വർ' നൽകി തീർപ്പാക്കികൊണ്ടും,, ശ്രീമതി. ടീസാ ജോസ് സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദഗതികൾ കണക്കിലെടുത്ത്, ടിയാൾക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടിയിൽ നിന്നും ടിയാളെ കുറ്റവിമുക്തയാക്കി അവസാനിപ്പിച്ച കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

മേൽപറഞ്ഞ തുക ശ്രീ.സി.വി.വിജയനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമവികസന കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.ജെ.ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി

ശ്രീ.സി.വി.വിജയൻ, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ,
ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്
ശ്രീമതി.ടീസാ ജോസ്, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ
ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്
} (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം/കോഴിക്കോട്
വിജിലൻസ് (ഇ) വകുപ്പ് (Lr.No.7707/E3/14/Vig, dated 24.05.2014)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ